# അക്ഷയമായ ആനന്ദം

കഴിഞ്ഞ വർഷം രോഗവിവശയായ ഒരു യുവതി എന്നോടു പറഞ്ഞു, ''ഈ ജീവിതം ഞാൻ എന്തുമാത്രം ഇഷ്ടപ്പെടുന്നു''. അവളുടെ രോഗാവസ്ഥയുടെ വിഷമകരമായ പരിമിതികൾ എല്ലാം ഉണ്ടായിരുന്നിട്ടും അവളിൽ നിറഞ്ഞ ആ അന്തരീക സന്തോഷം എന്നെ വികാരഭരിതനാക്കി. അവളുടെ വാക്കുകൾ മാത്രമല്ല, ആ മുഖത്തുവിരിഞ്ഞ സുന്ദര ഭാവം കൂടെയാണ് എന്നെ ആഴത്തിൽ സ്പർശിച്ചത്.

പിന്നെ, കുട്ടികളുടെ സന്തോഷം. അതെക്കുറിച്ച് നാമെന്തുപറയും? അടുത്തയിടെ ആഫ്രിക്കയിൽ കുറച്ചു കുട്ടികളെ ഞാൻ കണ്ടു. അനേക ദുരന്തങ്ങൾ കുമിഞ്ഞുകൂടുന്ന അഭയാർത്ഥിക്യാമ്പുകളിൽ പോലുമുള്ള അവരുടെ സാന്നിദ്ധ്യം ജീവൻ സ്പുരിക്കുന്നതായിരുന്നു. അവരുടെ പ്രസരിപ്പ് തകർന്നടിഞ്ഞ ആ ജനാവലിയുടെ ജീവിതങ്ങളെ പ്രതീക്ഷനിറയുന്ന വിളനിലമായി മാറ്റിമറിക്കുന്നു. ഉറച്ച പ്രത്യാശയുള്ളവരാകാൻ അവർ നമ്മെ എത്രമാത്രം സഹായിക്കുന്നു എന്ന് അവർ അറിഞ്ഞിരുന്നെങ്കിൽ! തുടരുന്ന ജീവനിലുള്ള അവരുടെ സന്തോഷം പ്രകാശകിരണം തന്നെയാണ്.

ലാളിത്യം, കരുണ എന്നിവയ്ക്കൊപ്പം തെയ്സെ സമൂഹ ജീവിതത്തിന്റെ ഹൃദയസ്പന്ദനമായി ബ്രദർ റോജർ കണ്ട ആനന്ദത്തെക്കുറിച്ച് ധ്യാനിച്ചുകൊണ്ട്, ഈ 2018 ൽ മുഴുവൻ ഇപ്രകാരമുള്ള മാതൃകകളാൽ ഉദ്ദീപ്തരാകാൻ നമ്മൾ ആഗ്രഹിക്കുന്നു.

ഒരു സഹോദരനൊപ്പം ദക്ഷിണ സുഡാനിലെ ജുബാ, റുംബെക്ക്, പിന്നെ സുഡാനിന്റെ തലസ്ഥാനമായ കർത്തൂം തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കാനായി ഞാൻ യാത്രയായി. നാം ജീവിക്കുന്ന ഈ കാലഘട്ടത്തിലെ ഏറ്റം വിഷമമനുഭവിക്കുന്ന ഈ രാജ്യങ്ങളിലെ സാഹചര്യങ്ങൾ അടുത്തറിയുകയും അവിടത്തെ സ്ത്രീപുരുഷന്മാരൊടൊന്നിച്ച് പ്രാർത്ഥിക്കുകയുമായിരുന്നു എന്റെ ഉദ്ദേശം.

അവിടത്തെ പല സഭാസമൂഹങ്ങളും ഞങ്ങൾ സന്ദർശിച്ചു. അവരുടെ വിവിധസേവനങ്ങൾ, വിദ്യാഭ്യാസപരമായ, ഐക്യദാർഢ്യത്തിന്റെ, രോഗികൾ അവഗണനയനുഭവിക്കുന്നവർ എന്നിവരെ പരിചരിക്കുന്നതുമായ വിവിധ പ്രവർത്തനങ്ങൾ ഞങ്ങൾ നേരിൽ കണ്ടു.  ജീവിത സാഹചര്യങ്ങളിൽ നിന്ന് പിഴുതെറിയപ്പെട്ടവരുടെ ഇടയിൽ ക്യാമ്പുകളിൽ താമസിക്കുന്ന, വിവിധ ദുരന്തങ്ങളിൽ മതപിതാക്കളെ നഷ്ടപ്പെട്ട കുട്ടികളുടെ ഇടയിലേയ്ക്ക് ഞങ്ങൾ കടന്നു ചെന്നു.

സ്തീകളുടെ അവസ്ഥ എന്നെ ഏറെ സ്പർശിച്ചു. അമ്മമാർ, പ്രത്യേകിച്ച് ചെറുപ്രായത്തിലുള്ളവർ, അക്രമങ്ങൾ വരുത്തിവയ്ക്കുന്ന സഹനങ്ങളുടെ സിംഹഭാഗവും പേറേണ്ടിവരുന്നു. അനേകർ തിടുക്കത്തിൽ തങ്ങളുടെ ഭവനങ്ങൾ വിട്ടോടേണ്ടിവന്നു. എങ്കിലും ജീവനു നൽകുന്ന സേവനത്തിൽ അവർ ഉറച്ചുനിൽക്കുന്നു. അവരുടെ ധൈര്യവും പ്രത്യാശയും എടുത്തുപറയേണ്ടതുതന്നെ. ഞങ്ങളുടെ ആ സന്ദർശനത്തിന്റെ ഫലമായി കഴിഞ്ഞ രണ്ടുവർഷമത്തിലധികമായി തെയ്സെയിലേയ്ക്ക് ഞങ്ങൾ സ്വാഗതംചെയ്തു പോന്നിട്ടുള്ള സുഡാനിൽ നിന്നുള്ള ചെറുപ്പകാരായ അഭയാർത്ഥികളോട് കുറച്ചുകൂടെ അടുപ്പമുണ്ടാകാനിടയായി.

ഇതിനു മുൻപ് ഞാനും മറ്റു രണ്ടു സഹോദരരും 1999 ൽ ഒരു കോപ്റ്റിക്ക് ഓർത്ത്ഡോക്സ് മെത്രാൻ സ്ഥാപിച്ച അനാഫോറാ കമ്യൂണിറ്റിയിൽ നടന്ന ഒരു പഞ്ചദിന യുവജന സമ്മേളനത്തിൽ പങ്കെടുത്തു. പ്രാർത്ഥിക്കാനും, പരസ്പരം പരിചയപ്പെടാനും ഈജിപ്തിലെ സഭയുടെ കാലദൈർഘ്യമുള്ളതും സമ്പന്നവുമായ പാരമ്പര്യം തിരിച്ചറിയാനും ഒക്കെ ഞങ്ങൾ സമയം ചെലവഴിച്ചു. നൂറോളം യുവാക്കൾ യൂറോപ്പ്, വടക്കെ അമേരിക്ക, എത്തിയോപ്പിയ, ലെബനോൻ, ഇറാക്ക് എന്നിവിടങ്ങളിൽ നിന്നെത്തി. അവരെ സ്വാഗതം ചെയ്തത് കായ്റോ, അലക്സാൻഡ്രിയ, ഈജിപ്തിന്റെ മുകൾ പ്രദേശം ഇന്നിവിടങ്ങളിൽ നിന്നു വന്ന ചെറുപ്പക്കാരായ നൂറോളം കോപ്റ്റിക് സഭാംഗങ്ങളായിരുന്നു.

ഞങ്ങളുടെ ശ്രദ്ധ പ്രത്യേകം ആകർഷിച്ചത് കോപ്റ്റിക്ക് സഭയുടെ രക്തസാക്ഷികളുടെ പൈതൃകവും സന്യാസ ജീവിതത്തിന്റെ വേരുകളുമായിരുന്നു. ഇവ ജീവിത ലാളിത്യത്തിലേയ്ക്കുള്ള നിരന്തര വിളിയാണ്. കോപ്റ്റിക് ഓർത്തൊഡോക്സ് സഭാ തലവൻ പോപ്പ് തവാദ്രോസ് രണ്ടാമൻ എന്നേയും സഹോദരരേയും ഏറെ ഹൃദ്യമായി സ്വാഗതം ചെയ്തു.

ആഫ്രിക്കയിൽ നിന്നുള്ള തിരിച്ചെത്തിയപ്പോൾ ഞങ്ങൾ പറയുകയായിരുന്നു, ഭീകരപീഠകളിലൂടെ കടന്നുപോകുന്നവരുടെ ശബ്ദം, അത് അവർ സമീപത്തായാലും വിദൂരങ്ങളിലായാലും, ആരും ഒട്ടുംതന്നെ ശ്രദ്ധിക്കുന്നില്ലല്ലോ. അവരുടെ രോദനം ശൂന്യതയിൽ നഷ്ടപ്പെടുന്നതുപോലെ. മാദ്ധ്യമങ്ങൾ മുഖേന അതു കേൾക്കുന്നതു പോര. നമ്മുടെ ജീവിതം കൊണ്ട് നമുക്കതിന് പ്രത്യുത്തരം നൽകാനാകുമോ?

2018 വർഷത്തിനുവേണ്ടിയുള്ള താഴെപറയുന്ന പ്രമേയങ്ങൾ ഭാഗീകമായെങ്കിലും ഈ ചോദ്യത്തിൽനിന്നു പ്രചോദനമുൾകൊണ്ടതാണ്

**പ്രമേയം ഒന്ന്**

## ആനന്ദത്തിന്റെ ഉറവകളിലേയ്ക്ക് ആഴ്ന്നിറങ്ങുക

*കർത്താവ് അരുളിച്ചെയ്യുന്നു: എനിക്കു നിന്നോടുള്ള സ്നേഹം അനന്തമാണ്; നിന്നോടുള്ള വിശ്വസ്തത അചഞ്ചലവും (ജെറമിയ 31:3)*

*നിന്റെ ദൈവമായ കർത്താവ് നിന്റെ മധ്യേ ഉണ്ട്. നിന്നെക്കുറിച്ച് അവിടുന്ന് അതിയായി ആഹ്ലാദിക്കും. തന്റെ സ്നേഹത്തിൽ അവിടുന്ന് നിന്നെ പുനഃപ്രതിഷ്ഠിക്കും. അവിടുന്ന് നിന്നെക്കുറിച്ച് ആനന്ദഗീതമുതിർക്കും (സെഫാനിയ 17).*

*നിങ്ങൾ എപ്പോഴും കർത്താവിൽ സന്തോഷിക്കുവിൻ; ഞാൻ വീണ്ടും പറയുന്നു, നിങ്ങൾ സന്തോഷിക്കുവിൻ (ഫിലിപ്പി 4:4).*

എന്തുകൊണ്ടാണ് എല്ലാ ശനിയാഴ്ച വൈകുന്നേരവും എല്ലാവരുടേയും കൈകളിലേന്തി പ്രാകാശിക്കുന്ന കൊച്ചു തിരികളുമായി തെയ്സേയിലുള്ള ദേവാലയം ഒരുത്സവ പ്രതീതിയിലാകുന്നത്? കാരണം ക്രിസ്തുവിന്റെ ഉദ്ഥാനം ക്രൈസ്തവ വിശ്വാസത്തിന്റെ ഹൃദയഭാഗത്തെ പ്രകാശം പോലെയാണ്. നമ്മുടെ മനസുകൾക്ക് പൂർണമായും ഗ്രഹിക്കാനാവാത്ത സന്തോഷത്തിന്റെ നിഗൂഢ രഹസ്യമാണത്. ഈ സ്രോതസിൽനിന്ന് പാനം ചെയ്ത് നമുക്ക് ‘‘ആനന്ദം പേറുന്നവരാകാം എന്തെന്നാൽ അത്യാന്തികമായി അവസാനവാക്ക് ഉദ്ഥാനത്തിനാണെന്ന് നാം അറിയുന്നു. (ഒലിവർ ക്ലെമന്റ്, ഓർത്തഡോക്സ് ദൈവശാസ്ത്രജ്ഞൻ).

വികാരാധിക്യമാകുന്ന ഒരു സന്തോഷമല്ല, മറ്റുള്ളവരിൽനിന്ന് നമ്മെ വിച്ഛേദിക്കുന്ന വ്യക്തിപരമായ സന്തോഷവുമല്ല, മറിച്ച് ജീവിതം അർത്ഥപൂർണമാണ് എന്ന പ്രശാന്തമായൊരു ബോധ്യം. ദൈവം നമ്മെ സ്നേഹിക്കുന്നു എന്ന ഉറച്ച ബോധ്യത്തിൽനിന്നാണ് സുവിശേഷത്തിന്റെ ആനന്ദം ഉത്ഭവിക്കുന്നത്. അനുദിന ജീവിതത്തിന്റെ വെല്ലുവിളികളിൽനിന്ന് നമ്മെ ഓടിയൊളിപ്പിക്കുന്ന ആനന്ദത്തിമിർപ്പിൽനിന്നും തീർത്തും വ്യത്യസ്ഥമായി മറ്റുള്ളവരുടെ തീവ്രദുഃഖങ്ങളെക്കുറിച്ച് അത് നമ്മെ സൂക്ഷമബോധമുള്ളവരാക്കും.

നാം ദൈവത്തിന്റെ സ്വന്തമാണ് എന്ന ഉറച്ച ബോധ്യത്തിൽ ആദ്യമായിത്തന്നെ നമ്മുടെ ആനന്ദം കണ്ടെത്താം. പതിനഞ്ചാം നൂറ്റാണ്ടിലെ ഒരു ക്രിസ്തുസാക്ഷി നൽകിയിട്ടുള്ള ഒരു പ്രാർത്ഥന ഇതിനു നമ്മെ സഹായിക്കട്ടെ: ‘‘എന്റെ കർത്താവേ എന്റെ ദൈവമേ, എന്നെ അങ്ങിൽനിന്നകറ്റുന്നതെല്ലാം എന്നിൽനിന്ന് എടുത്തുമാറ്റേണമേ. എന്റെ കർത്താവേ എന്റെ ദൈവമേ, എന്നെ അങ്ങയോട് അടുപ്പിക്കുനതെല്ലാം എനിക്കു നൽകേണമേ. എന്റെ കർത്താവേ എന്റെ ദൈവമേ, എന്നെ എന്നിൽനിന്നെടുത്ത് പൂർണമായും അങ്ങേയ്ക്കായി നൽകേണമേ‘‘ (വി. നിക്കോളാസ് ഫ്‌ളൂ).

നമ്മുടെ ആനന്ദം പോഷിപ്പിക്കപ്പെടുന്നത് ഒന്നിച്ചു പാടി നാം പ്രാർത്ഥിക്കുമ്പോഴാണ്. ''സന്തോഷവും പ്രശാന്തതയും നിറയുന്നതുവരെ ക്രിസ്തിവിനോടായി ഗാനാലാപം നടത്തുക'' ഇതാണ് ബ്രദർ റോജർ നിർദ്ദേശിച്ചത്. മറ്റുള്ളവരോടൊത്ത് പാടുന്നത് ദൈവവുമായി വ്യക്തിപരമായ ബന്ധവും അതോടൊപ്പം ഒന്നിച്ചുവരുന്നവരുടെ ഇടയിൽ കൂട്ടായ്മയും സൃഷ്ടിക്കും. പ്രാർത്ഥനയുടെ ഇടം അതിന്റെ ക്രമം അതിലെ ഗാനാലാപം എന്നിവയുടെ മനോഹാരിത ഉദ്ദാനത്തിന്റെ അടയാളമാണ്. ഒരുമിച്ചുള്ള പ്രാർത്ഥന പൂർവ്വദേശങ്ങളിലെ ക്രിസ്ത്യാനികൾ പറയുന്നപോലെ ''ഭൂമിയിൽ സ്വർഗ്ഗീയാനന്ദം'' ഉണർത്തും.

മാനവീക സന്തോഷങ്ങളിൽ പ്രതിഫലിക്കുന്ന ദൈവസ്നേഹത്തിന്റെ കവിത, സംഗീതം, കലാസൃഷ്ടികൾ, ദൈവസൃഷ്ടിയുടെ സൗന്ദര്യം, സ്നേഹത്തിന്റെ ആഴം, സൗഹൃദം തുടങ്ങിയവയിലൂടെ നമ്മുടെ ഉള്ളിൽ ഉണരുന്നതും നമുക്കു കാണാനാവും.

**പ്രമേയം രണ്ട്**

**അരക്ഷിതാവസ്ഥയിലുള്ളവരുടെ രോദനത്തിനു ചെവിയോർക്കുക**

*കർത്താവേ, എന്റെ പ്രാർഥന കേൾക്കണമേ. എന്റെ നിലവിളി അങ്ങയുടെ സന്നിധിയിൽ എത്തട്ടെ. എന്റെ കഷ്ടതയുടെ ദിനത്തിൽ അങ്ങ് എന്നിൽനിന്ന് മുഖം മറയ്ക്കരുതേ! (സങ്കീർത്തനം 102:1–2*

*പരിശുദ്ധാത്മാവിൽ ആനന്ദിച്ച്, അവൻ പറഞ്ഞു: സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും കർത്താവായ പിതാവേ, അവിടുത്തെ ഞാൻ സ്തുതിക്കുന്നു. എന്തെന്നാൽ, അങ്ങ് ഇവ ജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും മറച്ചുവയ്ക്കുകയും ശിശുക്കൾക്കു വെളിപ്പെടുത്തുകയും ചെയ്തു. അതേ, പിതാവേ, അതായിരുന്നു അവിടുത്തെ അഭീഷ്ടം. (ലൂക്ക 10:21)*

*ആതിഥ്യമര്യാദ മറക്കരുത്. അതുവഴി, ദൈവദൂതന്മാരെ അറിയാതെ സത്കരിച്ചവരുണ്ട്. തടവുകാരോടു നിങ്ങളും അവരോടൊപ്പം തടവിലായിരുന്നാലെന്നപോലെ പെരുമാറുവിൻ. നിങ്ങൾക്കും ഒരു ശരീരമുള്ളതുകൊണ്ടു പീഡിപ്പിക്കപ്പെടുന്നവരോടു പരിഗണന കാണിക്കുവിൻ. (ഹെബ്രായർ 13:2)*

അവർക്ക് നമ്മുടെ പിന്തുണ ആവശ്യമാണ്, ഭക്ഷണം, വിദ്യഭ്യാസം, ജോലി, ആരോഗ്യപരിചരണം, അഭയസ്ഥാനം എന്നിവയിലൂടെയെല്ലാം. എന്നാൽ അതുപോലെ തന്നെ അവർക്ക് മർമപ്രധാനമാണ് സൗഹൃദവും. സഹായം സ്വീകരിക്കേണ്ടിവരുക അപമാനകരമാകാം. സൗഹൃദബന്ധം ഹൃദയങ്ങളെ സ്പർശിക്കും, ആവശ്യക്കാരന്റെ ഹൃദയവും ഐക്യദാർഢ്യം പ്രകടിപ്പിക്കുന്നവന്റെ ഹൃദയവും. മുറിവേറ്റ ഒരാളുടെ നിലവിളി കേൾക്കുക, അവരുടെ കണ്ണുകളിൽ നോക്കുക, സഹനത്തിലൂടെ കടന്നുപോകുന്നവനെ, പ്രായധിക്യമുള്ള ഒരാളെ, ഒരു രോഗിയെ, തടവറയിലായവനെ, ഭവനരഹിതനെ, പ്രവാസിയെ കേൾക്കുക സ്പർശിക്കുക . . . വ്യക്തിപരമായ ഈ കണ്ടുമുട്ടൽ ഈ അന്യന്റെ അന്തസ്സ് തിരിച്ചറിയാനും അവരിൽനിന്ന് എന്തെങ്കിലും സ്വീകരിക്കാനും നമുക്ക് അവസരമരുളുന്നു, എന്തെന്നാൽ അതിദരിദ്രനായ ഒരാൾക്കുപോലും എന്തെങ്കിലും ദാനംചെയ്യാനുണ്ട്.

ഏറ്റം അരക്ഷിതാവസ്ഥയിലായിരിക്കുന്നവർ കുടുതൽ സാഹോദര്യബോധം നിറയുന്ന ഒരു സമൂഹം കെട്ടിപ്പ്ടുക്കുക എന്ന അതുല്യമായ സംഭാവന നല്കുന്നില്ലേ? അവർ നമ്മുടെതന്നെ അരക്ഷിതാവസ്ഥയെ വെളിവാക്കുന്നു, അങ്ങനെ കുറേക്കൂടെ മനുഷ്യത്വമുള്ളവരാകാൻ സഹായിക്കുന്നു.

ക്രിസ്തു മനുഷ്യനായിത്തീർന്നതിലൂടെ എല്ലാ മനുഷ്യരുമായി ഒന്നായിത്തീര്ന്നു എന്നത് നാം മറക്കരുത്. അവന്റെ സാന്നിദ്ധ്യം എല്ലവരിലുമുണ്ട്, പ്രത്യേകിച്ച് ഏറ്റം പരിത്യക്തരിൽ (മത്തായി 25:40). ജീവിത ഞെരുക്കങ്ങളാൽ മുറിവേറ്റവരുടെ അടുത്തേയ്ക്ക് നാം ചെല്ലുമ്പോൾ ദരിദ്രരിൽ ദരിദ്രനായ യേശുവിന്റെ സമീപത്തേയ്ക്കു നാം അണയുന്നു. അവർ യേശുവുമായി ഗാഢബന്ധത്തിലേയ്ക്കു നയിക്കുന്നു. ''മറ്റുള്ളവരുടെ പരീക്ഷണങ്ങളിൽ പങ്കുപറ്റാൻ ഭയപ്പെടേണ്ട, സഹനങ്ങളെ പേടിക്കേണ്ട, എന്തെന്നാൽ പലപ്പോഴും അഗാതഗർത്തങ്ങളുടെ ആഴങ്ങളിലാണ്

യേശുക്രിസ്തുവുമായുള്ള ഐക്യത്തിൽ പരമമായ ആനന്ദം നമുക്കു ലഭിക്കുന്നത്'' (തെയ്സെ നിയമസംഹിത).

വ്യക്തിപരമായ ബന്ധങ്ങളിലൂടെ അഗതികളെ സഹായിക്കാനുള്ള മാർഗ്ഗങ്ങൾ നമ്മൾ കണ്ടെത്തുന്നു. ഒന്നും പ്രതീക്ഷിക്കാതെയാണ് ഇത് നാം ചെയ്യുന്നതെങ്കിലും നമ്മളുമായി പങ്കുവയ്ക്കാൻ അവർ തയ്യാറാകുന്നതെല്ലാം സ്വീകരിക്കാൻ നാം ശ്രദ്ധിക്കണം. ഇപ്രകാരം നമ്മുടെ ഹൃദയങ്ങൾ വിശാലമാകാനും അങ്ങനെ കൂടുതൽ തുറവിയുള്ളവരാകാനും ഇടയാകും.

നമ്മുടെ ഭൂമിയും എളുപ്പത്തിൽ വ്രണിതമാകാവുന്നു. മനുഷ്യന്റെ ദുരുപയോഗം കൊണ്ട് അത് കൂടുതൽ കൂടുതൽ മുറിവേൽക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഭൂമിയുടെ രോദനം നാം ശ്രദ്ധിക്കണം. നാം അതിനെ പരിപാലിക്കണം. നമ്മുടെ ജീവിത ശൈലിയിൽ മാറ്റംവരുത്തിക്കൊണ്ട് വർദ്ധിതമായിക്കൊണ്ടിരിക്കുന്ന അതിന്റെ നശീകരണത്തിനെതിരേ നാം പോരാടേണ്ടതുമുണ്ട്.

**പ്രമേയം മൂന്ന്**

**പരീക്ഷണങ്ങളും സന്തോഷങ്ങളും പങ്കുവയ്ക്കുക**

*സന്തോഷിക്കുന്നവരോടുകൂടെ സന്തോഷിക്കുവിൻ; കരയുന്നവരോടുകൂടെ കരയുവിൻ (റോമ 12:15)*

*വിലപിക്കുന്നവർ ഭാഗ്യവാന്മാർ; അവർ ആശ്വസിപ്പിക്കപ്പെടും (മത്തായി 5:4)*

*നിങ്ങൾ വിലപിക്കരുത്. അവിടുത്തെ സന്തോഷമാണ് നിങ്ങളുടെ ബലം. (നെഹമിയ 8:10)*

ഉത്ഥാനത്തിനുശേഷവും യേശുവിന്റെ ശരീരത്തിൽ തന്നെ കുരിശിൽ തറച്ചതിന്റെ ആണിപ്പടുകൾ കാണാമായിരുന്നു (യോഹന്നാൻ 20: 24 – 29). കുരിശിലെ പീഢാസഹനം ഉയിർപ്പിന്റെ ഭാഗംതന്നെ. അവിടുത്തെ പാതകൾ പിഞ്ചെല്ലുന്ന നമുക്ക് പരീക്ഷണങ്ങളും സന്തോഷവും ഒത്തുപോകുന്നതാണ്. അവ ഒന്നുചേർന്ന് അനുകമ്പയായിത്തീരുന്നു. അന്തരീകാനന്ദം മറ്റുള്ളവരുമായുള്ള ഐക്യദാർഢ്യത്തെ ദുർബലമാക്കുന്നില്ല, മറിച്ച് പുഷ്ടിപ്പെടുത്തുന്നതേയുള്ളു. അതിർവരമ്പുകൾ കടന്ന് ക്ലേശങ്ങളിലൂടെ കടന്നുപോകുന്നവരോടൊത്തുചേരാൻ ഇത് നമ്മെ പ്രേരിപ്പിക്കുന്നു. നമ്മുടെ ജീവിത സമർപ്പണത്തോട് സ്ഥിരതയോടെ വിശ്വസ്തപുലർത്തുന്നതിൽ അത് നമ്മെ സജീവരായി നിലനിർത്തുന്നു.

നല്ല ഭക്ഷണം വിദ്യാഭ്യാസം സുരക്ഷിതത്വം തുടങ്ങിയ ഏറേ സൗകര്യങ്ങൾ അനുഭവിക്കുന്ന സമൂഹങ്ങളിൽ പലപ്പോഴും സന്തോഷത്തിന്റെ വലിയൊരു അഭാവമുണ്ട്. തങ്ങളുടെ ജീവിതങ്ങളിലെ വിരസത അവരുടെ ജീവിതങ്ങളെ തളർത്തുകയും നിരുൽത്സാഹപ്പെടുത്തുകയും ചെയ്യുന്നതായി കാണുന്നു.

ചിലപ്പോൾ ഇതിൽനിന്നു വ്യത്യസ്തമായി അതിദരിദ്രനായ ഒരാളുമായുള്ള കണ്ടുമുട്ടൽ ഒരു സന്തോഷം പ്രദാനം ചെയ്യുന്നു. പലപ്പോഴും അത് സന്തോഷത്തിന്റെ ഒരു ചെറു കണിക മാത്രമായേക്കാം, പക്ഷേ എന്തായാലും അത് വിശ്വസനീയമായൊരു സന്തോഷം തന്നെയാകും.

സന്തോഷത്തിനുവേണ്ടിയുള്ള ആഗ്രഹം നമ്മൾ എപ്പോഴും പുനർജ്വലിപ്പിക്കേണ്ടതുണ്ട്, എന്തെന്നാൽ അത് നമ്മിൽ വേരൂന്നിയിരിക്കുന്നു. മനുഷ്യർ സന്തോഷത്തിനായി സൃഷ്ടിക്കപ്പെട്ടവരാണ്, അതല്ലാതെ വിഷാദത്തിനായുള്ളവരല്ല. അതുപോലെതന്നെ, സന്തോഷം നാം സ്വന്തമായി സൂക്ഷിക്കാനുള്ളതല്ല, മറിച്ച് പങ്കുവയ്ക്കാനും ചുറ്റും പ്രസരിപ്പിക്കനുമുള്ളതാണ്. മാലാഖയുടെ സന്ദേശം ലഭിച്ചശേഷം മറിയം തന്റെ ചാർച്ചക്കാരി എലിസബത്തിനെ സന്ദർശിക്കുകയും അവളോടൊത്ത് ഗാനാലാപം നടത്തുകയും ചെയ്തു. (ലൂക്ക 1:39–56).

തന്റെ സ്നേഹിതനായ ലാസറിന്റെ മരണത്തിൽ കരഞ്ഞ യേശുവിനെപ്പോലെ (യോഹ 11:35) നമ്മളും മനുഷ്യരുടെ തീവ്രദു:ഖങ്ങളിൽ കണ്ണീർവാർക്കാൻ ധൈര്യം കാണിക്കണം. അന്ധനും നിർദ്ദയനുമായ വിധിയുടെ മാരക താണ്ഡവത്തിന് അവരെ വിട്ടുകൊടുക്കുന്നതിനുപകരം

ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിക്കുന്നതിലൂടെ ഓരോ മനുഷ്യനേയും സ്നേഹിക്കുന്ന കരുണാമയനായ സർവ്വേശ്വരനു അവരെ ഭരമേല്പിക്കുകയാണ് ചെയ്യുന്നത്.

സഹനത്തിലൂടെ കടന്നുപോകുന്നവരോടൊപ്പം നില്ക്കുന്നതും അവരോടൊത്ത് കരയുന്നതും ആരോഗ്യകരമായ പ്രതിഷേധമനോഭാവത്തോടെ അനീതിയെ തള്ളിപ്പറയാനും ജീവിതനാശ വെല്ലുവിളി ഉണർത്തുന്നവയെ നിരാകരിക്കാനും, സ്തംഭനാവസ്ഥയെ രൂപാന്തരപ്പെടുത്താനും നമുക്ക് ധൈര്യം പകരും.

**പ്രമേയം നാല്**

**ക്രിസ്തീയരുടെ മദ്ധ്യേ അന്യരുടെ ദാനങ്ങളിൽ ആർത്തുല്ലസിക്കുക**

*ക്രിസ്തുവിൽ വ്യക്തമാക്കിയ തന്റെ അഭീഷ്ടമനുസരിച്ച് അവിടുന്ന് തന്റെ പദ്ധതിയുടെ രഹസ്യം നമുക്കു മനസ്സിലാക്കിത്തന്നു. ഇത് കാലത്തിന്റെ പൂർണതയിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനെയും ക്രിസ്തുവിൽ ഒന്നിപ്പിക്കുന്നതിനുവേണ്ടിയത്രെ. (എഫേസോസ് 1:9,10)*

*സഹോദരർ ഏകമനസ്സായി ഒരുമിച്ചുവസിക്കുന്നത് എത്ര വിശിഷ്ടവും സന്തോഷപ്രദവുമാണ്! (സങ്കീർത്തനം 133:1)*

ദൈവം ക്രിസ്തുവിനെ ഈ ലോകത്തിലേയ്ക്ക് അയച്ചത് ഈ പ്രപഞ്ചത്തേയും സൃഷ്ടിജാലങ്ങളെ മുഴുവനും ഒത്തുചേർക്കാനും അവിടുന്നിൽ എല്ലാം പുനർസംഗ്രഹിക്കാനുമാണ്. ദൈവം അവനെ അയച്ചത് മനുഷ്യകുലത്തെ ഒരു കുടുംബമായി ഒത്തുചേർക്കാനായിരുന്നു. ആണും പെണ്ണും കുട്ടികളും പ്രായമായവരും, എല്ലാ പശ്ചാത്തലങ്ങളിൽ നിന്നുള്ളവരും വിവിധ ഭാഷകൾ സംസ്കാരങ്ങൾ വിരുദ്ധ ചേരിയിലുള്ള രാജ്യങ്ങൾ ഇവയെല്ലാം ഒത്തുചേർക്കാനാണ്.

പലരും ക്രൈസ്തവരെല്ലാം ഒന്നായിത്തീരാൻ ആഗ്രഹിക്കുന്നത് അവരുടെ വിഭാഗികതയിൽ ക്രിസ്തു നൽകിയ സാർവ്വലൗകിക കൂട്ടായ്മയുടെ സന്ദേശം മറയ്ക്കപ്പെടാതിരിക്കാനാണ്. സഹോദരീസഹോദരന്മാരായുള്ള നമ്മുടെ ഐക്യം എല്ലാമനുഷ്യരുടേയും ഇടയിലുള്ള ഐക്യത്തിന്റേയും ശാന്തിയുടേയും ഒരടയാളവും മുന്നാസ്വാദനവുമല്ലേ?

വിവിധ സഭകളിൽനിന്നുള്ള ക്രൈസ്തവ വിശ്വാസികളായ നാം നമ്മുടെ ദൈവശാസ്ത്രജ്ഞന്മാർ സമ്പൂർണമായും ഒരീണത്തിലായി ''നമ്മെയെല്ലാം ഒരു കൂരയ്ക്കു കീഴിലാക്കാൻ'' കാത്തിരിക്കാതെ, ഒരുമയോടെ ക്രിസ്തുവിലേയ്ക്ക് തിരിയാനുള്ള ഒരു ധാർഷ്ട്യം കൈമുതലാക്കേണ്ടിയിരിക്കുന്നു.

ഒരു കോപ്റ്റിക്ക് ഓർത്തൊഡോക്സ് സന്യാസിയുടെ വാക്കുകൾക്ക് നമുക്ക് ചെവിയോർക്കാം: ''വിശ്വാസത്തിന്റെ യഥാർത്ഥ അന്തസ്സത്ത ക്രിസ്തുവാണ്. ഒരു സംജ്ഞയിലും അവിടുത്തെ ഒതുക്കിനിർത്താനാവില്ല. അതിനാൽ ഏകനായ ക്രിസ്തുവിനെ സ്വാഗതം ചെയ്തുകൊണ്ട് നമ്മുടെ സംവാദം ആരംഭിക്കേണ്ടിയിരിക്കുന്നു. ഉള്ളടക്കത്തിന്റെ വിശദാംശത്തെക്കുറിച്ച് ഏകാഭിപ്രായത്തിൽ എത്തിച്ചേരാൻ കാത്തിരിക്കാതെ തന്നെ ഏകവിശ്വാസത്തിന്റെ അന്തസ്സത്ത നാമൊന്നിച്ച് ജീവിക്കാൻ ആരംഭിക്കണം. ക്രിസ്തു ആയിരിക്കുന്ന ആ വിശ്വാസത്തിന്റെ ഉൾകാമ്പ് സ്നേഹത്തിലും ആത്മദാനത്തിലും അധിഷ്ഠിതമാണ്'' (ഫാദർ മത്ത എൽ–മക്കീൻ, 1919 – 2006). ഈ പ്രക്രിയയിലേയ്ക്ക് കടന്നുവരുന്നതിന് മറ്റുള്ളവരാകുന്ന ദാനങ്ങൾക്കായി ദൈവത്തിനു നന്ദിപറഞ്ഞുകൊണ്ട് നമുക്കു ആരംഭിക്കാം. ഫ്രാൻസിസ് പാപ്പ റെഫൊർമേഷന്റെ 500 ാം വാർഷീകാവസരത്തിൽ സ്വീഡനിലെ ലൂൻഡ് സന്ദർശനവേളയിൽ പ്രാർത്ഥിച്ചു. ''പരിശുദ്ധാത്മാവേ, റെഫർമേഷനിലൂടെ സഭയ്ക്കു കൈവന്ന ദാനങ്ങൾ സന്തോഷപൂർവ്വം തിരിച്ചറിയാൻ ഞങ്ങളെ പ്രാപ്തരാക്കേണമേ''
ഈ മാതൃകയാൽ പ്രചോദിതരായി നമുക്ക് ഇല്ലാതിരിക്കുന്നതും എന്നാൽ ദൈവം മറ്റുള്ളവരിൽ നിക്ഷേപിച്ചിട്ടുള്ളതുമായ മൂല്യങ്ങൾ തിരിച്ചറിയുന്നതിൽ ശ്രദ്ധപതിക്കാം. അവരുടെ വ്യത്യസ്തതകൾ, അത് ആദ്യമെല്ലാം നാം മാറ്റിവച്ചവയാണെങ്കിലും, നമ്മുടെ സമ്പന്നതയായി നമുക്ക് സ്വീകരിക്കാനാവുമോ? മറ്റുള്ളവരുടെ ദാനങ്ങളിൽ പുതുമയാർന്ന സന്തോഷം നമുക്കു കണ്ടെത്താനാവുമോ?